ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.10.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്ത് നാളെ.

2. മത്സ്യബന്ധന മേഖലാ ബോധവത്കരണ പരിപാടിയുടെ ഭാഗമായി തൃശ്ശൂരിൽ മത്സ്യത്തൊഴിലാളികളുമായി സംവദിച്ച് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

3. വിനോദ സഞ്ചാര മേഖലയിൽ വൻ കുതിപ്പ് ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ.

4. ശബരിമല സ്വർണ്ണപ്പാളി ക്രമക്കേട് കേസിൽ ജസ്റ്റിസ് കെ.ടി ശങ്കരന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ആറന്മുള സ്ട്രോങ്ങ് റൂമിൽ പരിശോധന ആരംഭിച്ചു.

5. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്, നെയ്യാർ ഡാം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം.

6. സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു.

&&&&&&&&&&&&&&&&&&&&&

PNU TVPM

## മൻ കി ബാത്ത്

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ 11 മണിക്ക് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞ ഉടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത്ത് കേൾക്കാം.

&&&&&&&&&&&&&&&&&&&&&

## ജോർജ്ജ് കുര്യൻ (ഇൻട്രോ)

മത്സ്യബന്ധന മേഖലാ ബോധവത്കരണ പരിപാടിയുടെ കീഴിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുമായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സംവദിച്ചു. തൃശ്ശൂർ ജില്ലയിലെ നാട്ടികയിലുള്ള കൊടിയമ്പുഴ ദേവസ്വം ഹാളിൽ രാവിലെ നടന്ന ജനസമ്പർക്ക പരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്തു. കേന്ദ്ര സർക്കാരും സംസ്ഥാനവും ഏകോപിച്ചുള്ള പ്രവർത്തനത്തിലൂടെ കേരളത്തിൽ മത്സ്യബന്ധന മേഖലയിൽ നിരവധി പദ്ധതികൾ നടപ്പാക്കാനായതായി കേന്ദ്ര സഹമന്ത്രി പറഞ്ഞു.

(വോയ്സ്)

എറണാകുളം ജില്ലയിലെ വൈപ്പിനിലുള്ള ഞാറയ്ക്കൽ ശ്രീ നാരായണ ഓഡിറ്റോറിയത്തിൽ ഉച്ചകഴിഞ്ഞ് 3.30ന് നടക്കുന്ന ജനസമ്പർക്ക പരിപാടിയിലും ശ്രീ ജോർജ് കുര്യൻ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&

## വിപണി - സപ്ലൈകോ

സംസ്ഥാനത്ത് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി സിവിൽ സപ്ലൈസ് കോർപറേഷന് 50 കോടി രൂപ അനുവദിച്ചു. ക്രിസ്മസ്, പുതുവത്സരാഘോഷ കാലത്ത് നിത്യോപയോഗ

RNU TVM

സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായാണ് നടപടിയെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. ഈ വർഷത്തെ ബജറ്റിൽ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് 250 കോടി രൂപയാണ് നീക്കിവച്ചിരുന്നത്.

&&&&&&&&&&&&&&&&&&&&&

## ശബരിമല അന്വേഷണ സംഘം

ശബരിമല സ്വർണ്ണപ്പാളി ക്രമക്കേട് കേസിൽ ജസ്റ്റിസ് കെ.ടി ശങ്കരന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ആറന്മുള സ്ട്രോങ്ങ് റൂമിൽ പരിശോധന ആരംഭിച്ചു. അഞ്ചംഗ സംഘമാണ് പരിശോധനയ്ക്കായി എത്തിയിട്ടുള്ളത്. കേസിൽ ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂരിയാണ് ജസ്റ്റിസ് കെ.ടി ശങ്കരൻ. അദ്ദേഹത്തിൻ്റെ നേതൃത്വത്തിൽ ഈ മാസം മൂന്നു ദിവസം ശബരിമലയിലും പരിശോധന നടന്നിരുന്നു.

&&&&&&&&&&&&&&&&&&&&&

## ബി ജെ പി - സെക്രട്ടേറിയേറ്റ് ഉപരോധം

ശബരിമലയിലെ സ്വർണ്ണപ്പാളി ക്രമക്കേടിൽ ബിജെപിയുടെ രാപ്പകൽ സെക്രട്ടേറിയറ്റ് ഉപരോധം തുടരുന്നു. സമരക്കാർക്കിടയിലൂടെ കടന്നു പോകാൻ ശ്രമിച്ച ഓട്ടോറിക്ഷ, തടഞ്ഞതിനെ തുടർന്ന് വാക്ക് തർക്കവും സംഘർഷവും ഉണ്ടായി. പിന്നീട് പൊലീസ് എത്തി ബി ജെ പി പ്രവർത്തകരെ അനുനയിപ്പിച്ച് ഓട്ടോ കടത്തി വിടുകയായിരുന്നു. ഇന്നലെ രാത്രി ഏഴു മണിയോടെയാണ് സെക്രട്ടേറിയറ്റിന് മുന്നിൽ ബിജെപിയുടെ ഉപരോധ സമരം ആരംഭിച്ചത്.

&&&&&&&&&&&&&&&&&&&&&

## ബാലഗോപാൽ

വിനോദ സഞ്ചാര മേഖലയിൽ വൻ കുതിപ്പ് ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ. ഹെലി ടൂറിസം, ഹെൽത്ത് ടൂറിസം, ബീച്ച് ടൂറിസം, മൈസ് ടൂറിസം, ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്,

RNUTVPM

ക്യൂയിസ് ടൂറിസം, പിൽഗ്രിം ടൂറിസം തുടങ്ങിയ മേഖലകളിൽ വലിയ സാധ്യകളാണ് കേരളത്തിനുള്ളതെന്നും ബജറ്റിൽ വലിയ പ്രാധാന്യമാണ് വിനോദസഞ്ചാരത്തിന് സംസ്ഥാനം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. കുട്ടിക്കാനം മരിയൻ കോളേജിൽ 'ലോകം കൊതിക്കും കേരളം' - വിഷൻ 2031 സംസ്ഥാനതല ടൂറിസം ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കൂടുതൽ പൊതു ഇടങ്ങൾ വികസിപ്പിക്കുന്നതും ടൂറിസം മേഖലയ്ക്ക് കരുത്തേകുമെന്നും മൂന്നാർ, വയനാട് പോലുള്ള പ്രദേശങ്ങളിൽ ഫ്ളൈ ഓവർ , മികച്ച റോഡുകൾ പോലുള്ള അടിസ്ഥാന സൗകര്യം ഒരുക്കേണ്ടതുണ്ടെന്നും ശ്രീ കെഎൻ ബാലഗോപാൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

RNU TVPM

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ ജില്ലകളിൽ പുലർച്ചെ കനത്ത മഴ അനുഭവപ്പെട്ടു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.  മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള തീരത്ത് ഇന്നും നാളെയും ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 28 വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&

## നെയ്യാർ ഡാം

കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ നെയ്യാർ ഡാമിന്റെ നാലു ഷട്ടറുകളും ഉയർത്തി. 10 സെന്റീമീറ്റർ വീതമാണ് ഉയർത്തിയത്. ഇതോടെ ആകെ 120 സെന്റീമീറ്ററാണ് ഉയർത്തിയിരിക്കുന്നത്. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## പ്രളയ സാധ്യത

ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ നദികളിൽ ജലസേചന വകുപ്പ് പ്രളയ സാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദിയിൽ മഞ്ഞ ജാഗ്രത നൽകിയിരിക്കുകയാണ്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

PNU TVPM

&&&&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

സംസ്ഥാനത്ത് സമ്പൂർണ്ണ സാമ്പത്തിക സാക്ഷരത കൈവരിക്കുന്ന ആദ്യത്തെ നഗരസഭയായി മാറുകയാണ് കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം. പ്രജ്യോതി പദ്ധതിയിലൂടെയാണ് നഗരസഭ ഈ നേട്ടം കൈവരിച്ചത്. കണ്ണൂർ എഡിഎം കലാഭാസ്കർ പ്രഖ്യാപനം നടത്തി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&

## സുവോളജിക്കൽ പാർക്ക്

തൃശ്ശൂരിൽ പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന സാംസ്കാരികോത്സവം മന്ത്രി

ആർ ബിന്ദു ഇന്ന് ഉദ്ഘാടനം ചെയ്യും. വൈകിട്ട് നടക്കുന്ന പരിപാടിയിൽ പത്മശ്രീ പെരുവനം കുട്ടൻ മാരാർ, പത്മശ്രീ ഐ എം വിജയൻ തുടങ്ങിയവർ പങ്കെടുക്കും. സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം ഈ മാസം 28 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

&&&&&&&&&&&&&&&&&&&&&

## സംസ്ഥാന കായിക മേള (ഇൻട്രോ)

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. 1319 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്**

**. ...(ഹോൾഡ്-വോയ്സ്)**

&&&&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്ക് 237 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ഓസ്ട്രേലിയ 20 ബോൾ ബാക്കി നിൽക്കെ 236 റൺസിൽ എല്ലാവരും പുറത്തായി.

&&&&&&&&&&&&&&&&&&&&&

## കയർഫെഡ്-തീപിടുത്തം

ആലപ്പുഴ കളക്ടറേറ്റ് ജംഗ്ഷനു സമീപമുള്ള കയർ ഫെഡിന്റെ ഷോറൂമിനു തീ പിടിച്ചു. രാവിലെ ഒൻപതു മണിയോടെ പുക ഉയർന്നതതോടെയാണ് ജീവനക്കാർ അറിഞ്ഞത്. ചകിരി, റബ്ബർ, ബെഡ്, റബ്ബർ-ചകിരി ചവിട്ടികൾ തുടങ്ങിയവ നിറഞ്ഞിരുന്ന ഗോഡൗണിലാണ് തീ പിടിച്ചത്.

&&&&&&&&&&&&&&&&&&&&&

PNUTVPM

## മന്ത്രി റോഷി അഗസ്റ്റിൻ

ഇടുക്കി രാമക്കൽമേട് ഹരിത ഊർജ്ജ ഇടനാഴി പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകൾ പരിഹരിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ജില്ലാ കളക്ടറിന്റെ അധ്യക്ഷതയിൽ കെഎസ്ഇബി അധികൃതരുമായും ആക്ഷൻ കൗൺസിൽ അംഗങ്ങളുമായും നടത്തിയ ചർച്ചയിലാണ് തീരുമാനം. കുത്തുങ്കൽ-നെടുങ്കണ്ടം 110 കെവി വൈദ്യുത ലൈനിന്റെ അലൈൻമെന്റ് സംബന്ധിച്ച പൂർണ വിവരങ്ങൾ ഒരാഴ്ചയ്ക്കകം സ്ഥലമുടകൾക്ക് കൈമാറാൻ യോഗത്തിൽ ധാരണയായി.

&&&&&&&&&&&&&&&&&&&&&

## കണ്ണൂർ - പുലി

കണ്ണൂർ മാലൂരിനടുത്ത് തോലമ്പ്രയിൽ പുലിയെ പിടികൂടുന്നതിനു വനംവകുപ്പ് കൂട് സ്ഥാപിച്ചു. കഴിഞ്ഞദിവസം പ്രദേശവാസി ജോസിന്റെ വളർത്തുനായയെ കൊന്നത് പുലിയാണെന്ന് വ്യക്തമായ സാഹചര്യത്തിൽ ആണ് ഇന്നലെ രാത്രി കൂട് സ്ഥാപിച്ചത്. വനം വകുപ്പ് സ്ഥാപിച്ച നിരീക്ഷണ ക്യാമറയിൽ പുലിയുടെ ദൃശ്യം കണ്ടെത്തിയിരുന്നു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് വനം വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&

## ഫ്രഷ് കട്ട്

താമരശ്ശേരി കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണ കേന്ദ്രവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഈ മാസം 29ന് സർവകക്ഷി യോഗം ചേരും. യോഗത്തിന് മുമ്പ് മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർക്ക് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ നിർദേശം നൽകി.

&&&&&&&&&&&&&&&&&&&&&

RNU TVPM

## തിരഞ്ഞെടുപ്പ് കമ്മീഷൻ - നിർദ്ദേശങ്ങൾ

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി പ്രചാരണത്തിൽ നിർമ്മിത ബുദ്ധിയുടെയും കൃത്രിമ ഉള്ളടക്കത്തിന്റെയും ഉപയോഗം സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം പുറപ്പെടുവിച്ചു. പ്രചാരണ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന എ ഐ ദൃശ്യങ്ങൾ, ചിത്രം, ഓഡിയോ എന്നിവ വ്യക്തമായി ലേബൽ ചെയ്യാൻ കമ്മീഷൻ രാഷ്ട്രീയ പാർട്ടികളോടും സ്ഥാനാർത്ഥികളോടും ആവശ്യപ്പെട്ടു. വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കം പ്രസിദ്ധീകരിക്കുന്നതിനോ പങ്കു വയ്ക്കുന്നതിനോ നിയന്ത്രണം ഏർപ്പെടുത്തണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. കൂടാതെ വോട്ടെടുപ്പ് ദിവസം എല്ലാ പോളിംഗ് സ്റ്റേഷനുകളിലും അവശ്യ സൗകര്യങ്ങളും വോട്ടർമാർക്ക് വേണ്ട സഹായവും ഉറപ്പാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകി.

&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&

RNU TVPM